# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

# സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

കോഴിക്കോട്

പന്തലായനി ബ്ലോക്ക്

## അത്തോളി ഗ്രാമപഞ്ചായത്ത്

വാർഡ് **13**

അത്തോളി

**26/10/2019**

അത്തോളി **GVHSS**

## ആമുഖം

ഇന്ത്യയിലെ ദരിദ്രരായ ഗ്രാമീണ ജനതയുടെ ദാരിദ്ര്യം ലഘൂകരിക്കുന്നതിനും അവരുടെ ജീവിതസുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും വേണ്ടി രൂപം കൊടുത്തിട്ടുള്ള ഒരു ബൃഹത്പദ്ധതിയാണ് മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി. കാർഷിക മേഖലയിലും നിർമാണ മേഖലയിലും തൊഴിൽ ലഭിക്കാതെ ഗ്രാമീണ ജനത ബുദ്ധിമുട്ട് അനുഭവിക്കുമ്പോൾ അവർക്ക് 100 ദിവസത്തെ തൊഴിലെങ്കിലും ഉറപ്പു വരുത്തുവാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. ഇങ്ങനെ തൊഴിൽ നൽകുന്നതിന് ഏറ്റെടുക്കുന്ന വിവിധ പദ്ധതികളിലൂടെ രാജ്യത്തിന്റെ മണ്ണും ജലവും പരമാവധി സംരക്ഷിക്കുന്നതിന് സാധ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

തൊഴിൽ ആവശ്യപ്പെടുന്നവർക്ക് നിശ്ചിത കാലയളവിനുള്ളിൽ കായികമായ തൊഴിൽ ലഭിക്കുന്നുവെന്നും അതിന് നിര്ണയിക്കപ്പെട്ടിട്ടുള്ള വേതനം നിർദിഷ്ട സമയത്തിനുള്ളിൽ ലഭിക്കുന്നുവെന്നും ഉറപ്പുവരുത്തുന്നതിന് ഇന്ത്യൻ പാർലിമെന്റ് പാസാക്കിയിട്ടുള്ള നിയമമാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം . 2005 ആഗസ്റ്റ് 23 ആം തിയ്യതിയാണ് പാർലിമെന്റ് ഈ നിയമം പാസ്സാക്കുന്നത്.

തൊഴിലും വേതനവും നിർധിഷ്ഠ സമായത്തിനുള്ളിൽ കൃത്യമായി ലഭിക്കുന്നതിനുള്ള അവകാശം നിയമപരമായി ഉറപ്പുവരുത്തുമെന്നതാണ് ഈ നിയമത്തിന്റെ സവിശേഷത. തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനവും റ്ജോഴിൽ എടുത്ത ശേഷം വേതനം വയ്ക്കുകയോ ലഭിക്കാതിരിക്കുകയോ ചെയ്താൽ നഷ്ടപരിഹാരവും ഈ നിയമം വ്യവസ്ഥ ചെയ്യുന്നു.

തൊഴിൽ ആവശ്യപ്പെടുന്നവർക്ക് 15 ദിവസത്തിനുള്ളിൽ കായികമായി ഏതെങ്കിലും തൊഴിൽ നൽകിയിരിക്കണമെന്നാണ് വ്യവസ്ഥ. അല്ലാത്തപക്ഷം പതിനാറാമത്തെ ദിവസം മുതൽ അവർക്ക് തൊഴിലില്ലായ്മ വേതനത്തിന് അർഹതയുണ്ടായിരിക്കും. അതുപോലെ എടുത്ത തൊഴിലിന്റെ വേതനം 15 ദിവസത്തിലതികം വൈകിയാൽ വൈകുന്ന ഓരോ ദിവസത്തിനും നഷ്ടപരിഹാരം ലഭിക്കുന്നതിനും അർഹതയുണ്ട്. തൊഴിലോ തൊഴിലില്ലായ്മ വേതനമോ ഉറപ്പായും ഉറപ്പു വരുത്തുന്നു എന്നതാണ് തൊഴിലുറപ്പ് നിയമത്തിന്റെ പ്രത്യേകത.

ഇന്ത്യയിലെ ഏറ്റവും പിന്നോക്കമായ 200 ഗ്രാമീണ ജില്ലകളിൽ 2006 ഫെബ്രുവരി രണ്ടാം തിയ്യതി ഈ നിയമം നിലവിൽ വരുകയും പദ്ധതി നടപ്പിലാക്കുകയും ചെയ്തു. കേരളത്തിൽ വയനാടും, പാലക്കാടും ഈ 200 ജില്ലകളിൽ ഉൾപ്പെട്ടിരുന്നു. 2007 മെയ് 15ന് 130 ജില്ലകളിലേക്ക് കൂടി ഇത് വ്യാപിപ്പിച്ചു. ഇടുക്കി, കാസർഗോഡ് ജില്ലകൾ ഇതിൽ ഉൾപ്പെട്ടിരുന്നു. 2008 ഏപ്രിൽ 1ന് ഇന്ത്യയിലെ ബാക്കി മുഴുവൻ ജില്ലകളിലേക്കും ഇത് വ്യാപിപ്പിച്ചു. ഇന്ത്യയിലെ മുഴുവൻ ഗ്രാമീണ ജില്ലകളിലും ഈ പദ്ധതി നിലവിലുണ്ട്. ആഗോളതലത്തിൽ സവിശേഷ ശ്രദ്ധ ആകർഷിച്ച ഒരു അവകാശാധിഷ്ഠത തൊഴിൽ നിയമമെന്ന നിലയിലും ഗ്രാമീണ മേഖലയിൽ ദാരിദ്ര്യ ലഘുകരണത്തിൽ നിർണ്ണായകമായ വഴിത്തിരിവ് സൃഷ്ടിച്ച ബൃഹത് പദ്ധതിയെന്ന കാര്യം പരിഗണിച്ചും 2009 ഒക്ടോബർ രണ്ടാം തിയ്യതി കേന്ദ്ര സർക്കാർ ഈ നിയമത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെന്ന് പുനർനാമകരണം ചെയ്തു.

കേരളത്തിൽ രണ്ടായിരത്തി എട്ടിൽ ഈ നിയമം പ്രാബല്യത്തിൽ വന്നു. തൊഴിലുറപ്പ് പദ്ധതി ഗുണഭോക്താക്കളായ ജനങ്ങൾക്ക് തൊഴിൽ ദിനങ്ങൾ ഉറപ്പാക്കുന്നതിലൂടെ ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്താനും ഇത് സഹായിക്കുന്നു.

## അത്തോളി ഗ്രാമപഞ്ചായത്തിനെ കുറിച്ച്

കോഴിക്കോട് ജില്ലയിൽ പന്തലായനി ബ്ലോക്കിൽ ഉൾപ്പെടുന്ന അത്തോളി ഗ്രാമപഞ്ചായത്ത്, പഴയ മദ്രാസ് സംസ്കാരത്തിന്റെ ഭാഗമായിരുന്ന കുറുമ്പ്രനാട് താലൂക്കിലെ 11 ദേശങ്ങൾ ഉൾക്കൊള്ളുന്ന പ്രദേശമായിരുന്നു. ദേശീയ സ്വാതന്ത്ര്യസമരത്തിൽ ചെറുതല്ലാത്ത പങ്കു വഹിച്ചിട്ടുള്ള ഈ പഞ്ചായത്ത് നേരത്തെ മൊടക്കല്ലൂർ കൊളക്കാട് വേളൂർ എന്നിങ്ങനെ അറിയപ്പെട്ടിരുന്നു.

വിദ്യാഭ്യാസ-സാംസ്കാരിക ആരോഗ്യരംഗത്ത് അത്തോളി പഞ്ചായത്ത് മികച്ച നിലവാരം പുലർത്തുന്നു. 31330(ICDS2015) ജനസംഖ്യയുള്ള പഞ്ചായത്തിൽ 15397 പുരുഷന്മാരും15933 സ്ത്രീകളും ഉൾപ്പെടുന്നു. ഇതിൽ നാലായിരത്തി 4676 പട്ടികജാതി വിഭാഗക്കാരാണ്. ആകെ 17 വാർഡുകളുള്ള പഞ്ചായത്തിലെ നിലവിലെ പ്രസിഡണ്ട് ശ്രീ ചിറ്റൂർ രവീന്ദ്രനാണ്.

വികസന രംഗത്ത് സന്നദ്ധ പ്രവർത്തനങ്ങൾക്ക് ജനകീയ ഐക്യം എല്ലാ കാലത്തും അത്തോളിയിൽ ദൃശ്യമായിരുന്നു. പരമ്പരഗതമായ കൃഷിയും മൽസ്യ ബന്ധനവുമായിരുന്നു ഇവിടത്തെ ജനങ്ങളുടെ പ്രധാന വരുമാന മാർഗം.കയർ നിർമാണ വ്യവസായവും മികച്ച രീതിയിൽ നടന്നു പോകുന്നു.ചകിരി കൊണ്ടു നിർമിക്കുന്ന കയർ ,കാർപ്പറ്റുകൾ എന്നിവ മലബാർ പ്രദേശത്ത് പ്രസിദ്ധമാണ്.1970നു ശേഷം കുറെ അധികം പേര് മിഡിൽ ഈസ്റ്റിലേയ്ക്ക് പോകുന്നത് വർധിക്കുകയും ഇപ്പോൾ അവിടെനിന്നു ലഭിക്കുന്ന പണം അത്തോളിയിലെ സാമ്പത്തിക ഉന്നമനത്തിനു പ്രധാന പങ്ക് വഹിക്കുന്നു.17 വാർഡുകളിലായി വ്യാപിച്ചുകിടക്കുന്നതാണ് അത്തോളി പഞ്ചായത്ത്. വാർഡുകൾ:മൊടകല്ലൂർ,കൂമുള്ളി,കോത്തങ്ങൽ,കണ്ണിപോയിൽ,കോടശ്ശേരി,പൂക്കോട്,കൊളക്കാട്, അത്തോളിക്കാവ്,അത്താണി,കൊങ്ങന്നൂർ,കൊങ്ങന്നൂർ ഈസ്റ്റ്,കുനിയിൽകടവ്,അത്തോളി,കുടക്കകല്ല്,വേളൂർ,വേളൂർ വെസ്റ്റ്, തോരായി എന്നിവയാണ്.

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | അത്തോളി പഞ്ചായത്ത് |
| വില്ലേജ് | അത്തോളി |
| ബ്ലോക്ക് പഞ്ചായത്ത് | പന്തലായനി |
| ജില്ലാ പഞ്ചായത്ത് | കോഴിക്കോട് |
| താലൂക്ക് | കൊയിലാണ്ടി |
| അസംബ്ലിമണ്ഡലം | ബാലുശ്ശേരി |
| വിസ്തീർണം | 21.06ചതുരശ്ര കി മി |

## തൊഴിലുറപ്പ് സംബന്ധിച്ച വിവരങ്ങൾ

| വിവരങ്ങൾ | ജില്ലാതലം | ബ്ലോക്ക്തലം | പഞ്ചായത്ത്തലം |
|---|---|---|---|
| സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ | 83.05(ലക്ഷം ) | 540456 | 118382 |
| കുടുംബങ്ങൾക്ക് നൽകിയിരിക്കുന്ന | 57.58 | 52.45 | 58.46 |

| | | | |
|---|---|---|---|
| ശരാശരി തൊഴിൽ ദിനങ്ങൾ | | | |
| 100 ദിനങ്ങൾ പൂർത്തീകരിച്ച കുടുംബങ്ങൾ | 38300 | 2578 | 853 |
| ആകെ തൊഴിൽ എടുത്ത കുടുംബങ്ങൾ | 1.44(ലക്ഷം ) | 9685 | 1975 |
| തൊഴിൽ എടുത്ത തൊഴിലാളികൾ | 1.6(ലക്ഷം ) | 10304 | 2025 |

| | |
|---|---|
| തൊഴിൽ കാർഡ് ഉടമകൾ | 2275 |
| സജീവ തൊഴിലാളികൾ | 2025 |
| നിഷ്ക്രിയ തൊഴിലാളികൾ | 250 |

## മുഖ്യ ലക്ഷ്യങ്ങൾ

അവിദഗ്ധ കായിക തൊഴിലിൽ ഏർപ്പെടാൻ സന്നദ്ധതയുള്ള ഗ്രാമപ്രദേശങ്ങളിൽ അധിവസിക്കുന്ന ഏതൊരു കുടുംബത്തിനും ഒരു സാമ്പത്തിക വർഷം 100ദിവസത്തിൽ കുറയാത്ത തൊഴിൽ ഉറപ്പാക്കുന്നതോടൊപ്പം ഗുണമേന്മയുള്ളതും സ്ഥായിയായിട്ടുള്ളതും ഉത്പാദനക്ഷമവുമായ ആസ്ഥികളുടെ സൃഷ്ടിയാണ് മുഖ്യലക്ഷ്യം.
ദരിദ്രരുടെ ഉപജീവനവുമായി ബന്ധപ്പെട്ട വിഭവാടിത്തറ ശക്തിപ്പെടുത്തൽ.
സാമൂഹികമായി പിന്നോക്കം നിൽക്കുന്ന എല്ലാ കുടുംബങ്ങളെയും പദ്ധതിയിൽ ഉൾപെടുത്തുക.
പഞ്ചായത്തീരാജ് സ്ഥാപനങ്ങളെ ശക്തിപ്പെടുത്തൽ.

## സവിശേഷതകൾ

നിയമത്തിന്റെ പിൻബലമുള്ള അവകാശാധിഷ്ഠിത പദ്ധതി.
ഗ്രാമപഞ്ചായത് പ്രദേശത്ത് താമസിക്കുന്ന 18 വയസ് പൂർത്തിയായ ഏതൊരാൾക്കും പദ്ധതിയിൽ പങ്കാളിയാവാം.
സ്ത്രീക്കും പുരുഷനും തുല്യവേതനം.
പരിസ്ഥിതി സംരക്ഷണം, കാർഷികമേഖലയിലെ അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്ക് മുൻഗണന.
തൊഴിലാളികൾ തമ്മിൽ പ്രവർത്തികൾ കണ്ടെത്തുക, ആസൂത്രണ പ്രക്രിയയിൽ പങ്കാളിയാവുക.
ആസൂത്രണത്തിലും നിർവഹണത്തിലും തികഞ്ഞ സുതാര്യത.
കരാർക്കാരോ ഇടനിലക്കാരോ ഇല്ല.
പൊതുജന പങ്കാളിത്തത്തോടെ ലേബർ ബഡ്ജറ്റ്.
ബാങ്ക് / പോസ്റ്റ് വഴി മാത്രം വേതന വിതരണം.
സ്ത്രീകൾക്ക് മുൻഗണന.
കമ്പ്യൂട്ടർ ശൃങ്കലവഴിയുള്ള മോണിറ്ററിങ് സംവിധാനം.
ഗ്രാമസഭ പദ്ധതി ഓഡിറ്റ് ചെയ്യുന്നു.
പരാതിപരിഹാര സംവിധാനം.

## രീതിശാസ്ത്രം

കേരള സോഷ്യൽ ഓഡിറ്റ് സൊസൈറ്റി, കോഴിക്കോട് ജില്ല, പന്തലായനി ബ്ലോക്കിലെ വില്ലജ് റിസോഴ്സ് പേഴ്സൺ ആണ് അത്തോളി ഗ്രാമപഞ്ചായത് വാർഡ് 12 ൽ (കുനിയിൽ കടവ് ) സോഷ്യൽ ഓഡിറ്റ് പ്രക്രിയ നടത്തിയത്.

ആദ്യഘട്ടം

2018 ഒക്ടോബർ മാസം മുതൽ 2019 മാർച്ച് വരെ ഏറ്റെടുത്ത് നടത്തിയ പ്രവർത്തിയുടെ ഫയലുകൾ, 7 രജിസ്റ്ററുകൾ എന്നിവ പരിശോധിക്കൽ.

രണ്ടാംഘട്ടം

പരിശോധിച്ച ഫയലുകളുടെ അടിസ്ഥാനത്തിൽ പ്രവർത്തിയിടങ്ങൾ പരിശോധിക്കൽ, ചെയ്ത പ്രവർത്തിയുടെ അളവുകൾ പരിശോധിക്കൽ

മൂന്നാംഘട്ടം

ഗുണഭോക്താക്കളോട് പ്രവർത്തിയുടെ ഗുണഫലങ്ങൾ ചോദിച്ചറിയുകയും, സജീവ തൊഴിലാളികളെ കണ്ട് തൊഴിൽ കാർഡ്, ബാങ്ക് പാസ്സ് ബുക്ക് എന്നിവ പരിശോധിച്ച് അഭിമുഖം നടത്തലും വിവര ശേഖരണം നടത്തലും.

നാലാംഘട്ടം

ഫീൽഡ് പരിശോധനയുടെയും ഫയൽ പരിശോധനയുടെയും അടിസ്ഥാനത്തിൽ റിപ്പോർട്ട് തയ്യാറാക്കൽ.

## തൊഴിലാളികൾക്ക് 10 അവകാശം

1. തൊഴിൽ കാർഡ് ലഭിക്കുവാൻ ഉള്ള അവകാശം.
അപേക്ഷിച്ച് 15 ദിവസത്തിനകം തൊഴിൽ ലഭിക്കുവാൻ ഉള്ള അവകാശം,ആയതിന് കൈപ്പറ്റ് രസീത്
2. ലഭിക്കുന്നതിനുള്ള അവകാശം.
3. അല്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിക്കുവാനുള്ള അവകാശം.
4. ഷെൽഫ് ഓഫ് പ്രൊജക്റ്റ തയ്യാറാക്കാനുള്ള അവകാശം.
5. അഞ്ചു കിലോമീറ്ററിനുള്ളിൽ തൊഴിൽ ലഭിക്കാനുള്ള അവകാശം. അല്ലെങ്കിൽ വേതനത്തിന് 10% അധികം ലഭിക്കാനുള്ള അവകാശം.
6. കുടിവെള്ളം വിശ്രമ സൗകര്യം പ്രഥമ ശുശ്രൂഷ സൗകര്യം ഇവ ലഭിക്കുന്നതിനുള്ള അവകാശം.
7. 15 ദിവസത്തിനുള്ളിൽ വേദനം ലഭിക്കുന്നതിനുള്ള അവകാശം
8. വേതന വിതരണത്തിലെ കാലതാമസത്തിന് നഷ്ടപരിഹാരം ലഭിക്കുവാൻ ഉള്ള അവകാശം.
9. സമയബന്ധിതമായ പരാതി പരിഹാരത്തിനുള്ള അവകാശം.
10. സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള അവകാശം.

തൊഴിലുറപ്പ് നിയമത്തിലെ സെക്ഷൻ 17 പ്രകാരം,തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നടക്കുന്ന എല്ലാ വർക്കുകളും സോഷ്യൽ ഓഡിറ്റ് ചെയ്യപ്പെടേണ്ടതാണ്.ഇങ്ങനെ നടത്തുന്ന സോഷ്യൽ ഓഡിറ്റിൽ ഫയലിൽ സൂക്ഷിച്ചിരിക്കുന്ന രേഖകളും തൊഴിലാളികൾ ചെയ്തിരിക്കുന്ന പ്രവർത്തികളും താരതമ്യം ചെയ്യുന്നു.സോഷ്യൽ ഓഡിറ്റ് നടത്തുന്നതിലൂടെ തൊഴിലുറപ്പ് തൊഴിലാളികൾ അവരുടെ അവകാശങ്ങളെക്കുറിച്ച് ബോധവന്മാരാകുന്നതാണ്.സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ വച്ചു

തൊഴിലാളികൾക്ക് അവരുടെ ആവശ്യങ്ങളും അവരുടെ സംശയങ്ങളും വെളിപ്പെടുത്താവുന്നതാണ്.ഇതിലൂടെ തൊഴിലുറപ്പ് പദ്ധതി സുതാര്യവും ഉത്തരവാദിത്വ പൂർണവുമാകുന്നതാണ്.

## സോഷ്യൽ ഓഡിറ്റ് പ്രക്രിയ

1.പശ്ചാത്തലം ഒരുക്കൽ

2.ഫയൽ പരിശോധന

3.പ്രവർത്തി സ്ഥലം പരിശോധിക്കൽ

4.വീട് വീടാന്തരം ഉള്ള വിവരശേഖരണം

5.തെളിവ് ശേഖരണം

6.സാമൂഹ്യ ബോധവൽക്കരണം

7.റിപ്പോർട്ട് തയ്യാറാക്കൽ

8.സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ.

MGNREGA പദ്ധതി വിഭാവനം ചെയ്യുന്നത് എന്തൊക്കെയെന്നും കാര്യക്ഷമമായും ഫലപ്രദമായും ഈ പദ്ധതി എങ്ങനെ നടപ്പിലാക്കാമെന്നും ഗ്രാമപഞ്ചായത്തിനെയും തൊഴിലാളികളെയും ബോധ്യപ്പെടുത്തുന്നതിന് വേണ്ടിയാണ് സോഷ്യൽ ഓഡിറ്റ്.

## അവകാശങ്ങളുമായി ബന്ധപ്പെട്ട് തൊഴിലാളികളിൽ നിന്ന് ചോദിച്ചറിഞ്ഞ വിവരങ്ങൾ

1). തൊഴിൽ കാർഡ് എല്ലാവർക്കും ലഭിച്ചിട്ടുണ്ട്. തൊഴിൽ കാർഡിനായ് ഒരു രൂപ പോലും ചിലവാക്കേണ്ടതില്ല. ഫീൽഡ് പരിശോധിച്ചപ്പോൾ മനസിലാക്കാൻ കഴിഞ്ഞത് ആദ്യം തൊഴിൽ കാർഡ് ലഭിച്ച സമയത്ത് ഫോട്ടോ പഞ്ചായത്തിൽ നിന്ന് ആണ് എടുത്തിട്ടുള്ളത്. എന്നാൽ തൊഴിൽ കാർഡ് പുതുക്കിയ സമയത്ത് ഫോട്ടോയ്ക്കുള്ള പണം ഓരോരുത്തരും സ്വന്തം ആണ് എടുത്തിട്ടുള്ളത് എന്നാണ് മനസിലാക്കാൻ കഴിഞ്ഞത്.

2).തൊഴിലാളികൾ ഗ്രൂപ്പായിട്ടാണ് തൊഴിലിന് അപേക്ഷിക്കാറുള്ളത്. വ്യക്തിഗതമായ് അപേക്ഷിക്കാറില്ല. മാറ്റ് അപേക്ഷ എഴുതി എല്ലാ തൊഴിലാളികളും ഒപ്പ് വെച്ചു പഞ്ചായത്തിൽ കൊടുക്കലാണ് പതിവ്.

3).തൊഴിലിന് അപേക്ഷിച്ച് 15 ദിവസത്തിനകം തൊഴിൽ ലഭിക്കാറുണ്ട്. അതിനാൽ തൊഴിലില്ലായ്മ വേദനത്തിന് അപേക്ഷിക്കാറില്ല. തൊഴിലില്ലായ്മ വേദനത്തിന്റെ ആവശ്യകത ഇതുവരെ ഉണ്ടായിട്ടില്ല എന്നാണ് അറിയാൻ കഴിഞ്ഞത്.

4).തൊഴിൽ ലഭിച്ചതിന് ശേഷം 15 ദിവസത്തിനകം കൂലി ലഭിക്കാറില്ല. അതാണ് തൊഴിലാളികൾ വലിയ ഒരു പ്രശ്നമായ് പറഞ്ഞിട്ടുള്ളത്. കൂലി പല സമയങ്ങളിലായ് വരുന്നത് കൊണ്ട് തന്നെ ഏത് പണിയുടെ പണം ആണ് വന്നിട്ടുള്ളത് എന്ന് പാസ്ബുക്ക് നോക്കി മനസിലാക്കാൻ ബുദ്ധിമുട്ടാണ് എന്ന് ആവശ്യപ്പെട്ടു. കൂലി വൈകിയാൽ അപേക്ഷിക്കാറില്ല എന്നും അറിയാൻകഴിഞ്ഞു.

5).ഏതൊക്കെ പ്രവർത്തികളാണ് ചെയ്യേണ്ടത് എന്ന് തൊഴിലാളികൾ ആസൂത്രണം ചെയ്യാറുണ്ടെന്നും അല്ലാതെ പഞ്ചായത്തിൽ നിന്ന് കൊടുക്കാറുണ്ടെന്നും മനസിലാക്കാൻ കഴിഞ്ഞു.

6) തൊഴിലാളികൾക്ക് എല്ലാവർക്കും 5 കിലോമീറ്റർ പരിധിയിൽ തൊഴിൽ ലഭിക്കാറുണ്ട്.

7) 5 കിലോമീറ്റർ പരിധിയിൽ തൊഴിൽ ലഭിക്കുന്നത് കൊണ്ട് തന്നെ വേദനത്തിന്റെ 10% യാത്ര ചെലവിനായി അപേക്ഷിക്കേണ്ട ആവശ്യകത ഉണ്ടായിട്ടില്ല.
8) തൊഴിലിടങ്ങളിലെ സൗകര്യങ്ങൾ
* കുടിവെള്ള സൗകര്യം ഉണ്ടെന്നും അതിനുള്ള പാത്രങ്ങൾ പഞ്ചായത്തിൽ നിന്ന് ലഭിച്ചതാണെന്നും അറിയാൻ കഴിഞ്ഞു.
* തണലിന് ആവശ്യമായ ഷീറ്റ് പഞ്ചായത്തിൽ നിന്ന് ലഭിച്ചിട്ടുണ്ട്.
* മെച്ച പെട്ട രീതിയിലുള്ള ഫസ്റ്റ് എയ്ഡ് ബോക്സ് ഇല്ലായിരുന്നു.
* 6 വയസ്സിനു താഴെയുള്ള കുട്ടികൾ ആർക്കും ഇല്ലായിരുന്നു.
* പണി സ്ഥലത്ത് നിന്ന് ഒരു തൊഴിലാളിക്ക് കടന്നൽ കുത്തി പരിക്കേല്പിച്ചിട്ട് നഷ്ട പരിഹാരം ഒന്നും ലഭിച്ചിട്ടില്ലായിരുന്നു.

9)പരാതി പരിഹാരത്തിനുള്ള അവകാശത്തെ കുറിച്ച് തൊഴിലാളികൾക്ക് വ്യക്തമായ ധാരണ ഇല്ലായിരുന്നു.

10)ഏറ്റെടുത്ത പ്രവർത്തി കഴിഞ്ഞു സോഷ്യൽ ഓഡിറ്റിംഗ് നടത്താറില്ല എന്നാണ് അറിയാൻ കഴിഞ്ഞത്.

## പ്രവർത്തി വിശദാംശങ്ങൾ

അത്തോളി ഗ്രാമപഞ്ചായത്ത് വാർഡ് 13(അത്തോളി ) ലെ 01.10.2018 മുതൽ 31.03.2019 വരെയുള്ള 3പ്രവൃത്തി ഫയലുകളാണ് സോഷ്യൽ ഓഡിറ്റിനുവേണ്ടി തിരഞ്ഞെടുത്തത്.

1) വിഭാഗം എ നീർത്തട മാസ്റ്റർ പ്ലാൻ പ്രകാരം മണ്ണ് - ജല സംരക്ഷണ പ്രവർത്തി ഘട്ടം 2, 1604008002/WC/292315
2) വിഭാഗം എ കനാൽ നവീകരണ പ്രവർത്തി, 1604008002/WC/212113
3)വിഭാഗം എ നീർത്തട മാസ്റ്റർ പ്ലാൻ പ്രകാരം മണ്ണ് -ജല സംരക്ഷണ പ്രവർത്തി ഘട്ടം 2, 1604008002/WC/293002

പ്രവർത്തികൾ സംബന്ധിച്ച വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ ന മ്പർ | വർക്ക് കോഡ് | പ്രവൃത്തി യുടെ പേര് | പ്രവൃത്തി യുടെ സ്ഥിതി | അട ങ്കൽ തുക | അനുവദിച്ച തൊഴിൽ ദിനങ്ങൾ | | ലഭിച്ച തൊ ഴിൽ ദിന ങ്ങൾ | ആ കെ വേത നം | സാ ധന ഘട കം |
|---|---|---|---|---|---|---|---|---|---|
| | | | | | അവിദ ഗ്ധ | അർ ദ്ധ വിദ ഗ്ധ | | | |
| 1. | 1604008002/WC /292315 | നീർത്തട മാസ്റ്റർ പ്ലാൻ പ്രകാരം മണ്ണ് ജലസംര ക്ഷണ പ്രവൃത്തി വിഭാഗം എ ഘട്ടം 2 | പൂർത്തീക രിച്ചു | 5, 00, 000 | 3222 | 0 | 1801 | 4966 47 | |
| 2. | 1604008002/IC/2 12113 | വിഭാഗം എ കനാൽ നവീകര ണ പ്രവർത്തി | പൂർത്തീക രിച്ചു | 10054 0 | 488 | 0 | 265 | 7181 5 | 3010 |
| 3. | 1604008002/WC /293002 | നീർത്തട മാസ്റ്റർ പ്ലാൻ പ്രകാരം മണ്ണ് ജലസംര ക്ഷണ പ്രവൃത്തി വിഭാഗം എ ഘട്ടം 2 | പൂർത്തീക രിച്ചു | 5, 00, 000 | 2363 | 0 | 1633 | 4425 43/- | 8478 |

പ്രവൃത്തി 1.

1.നീർത്തട മാസ്റ്റർ പ്ലാൻ പ്രകാരം മണ്ണ് ജല സംരക്ഷണ പ്രവൃത്തി വിഭാഗം എ ഘട്ടം 2.
വർക്ക് കോഡ് -292315

പ്രവൃത്തി 24/7/18തിയ്യതിയിൽ ആരംഭിക്കുകയും 18/3/2019 തിയ്യതിയിൽ തൃപ്തികരമായ രീതിയിൽ പൂർത്തീകരിക്കുകയു മുണ്ടായി .
അടങ്കൽ തുക -500000/-
ആകെ വേതനം -496647/-
ലഭിച്ച തൊഴിൽ ദിനങ്ങൾ 1801.

പ്രവൃത്തി 2

2. നീർത്തട മാസ്റ്റർ plan പ്രകാരം മണ്ണ് ജല സംരക്ഷണ പ്രവൃത്തി വിഭാഗം എ ഘട്ടം 1.
വർക്ക് കോഡ് -WC 293002
പ്രവൃത്തി 24/5/18 ന് തുടങ്ങി .11/11/18 ന് പൂർത്തീകരിക്കുകയുമുണ്ടായി.
അടങ്കൽ തുക -500000/-
ആകെ വേതനം 496647രൂപ
ലഭിച്ച തൊഴിൽ ദിനങ്ങൾ -1799

പ്രവൃത്തി 3

3. വിഭാഗം എ കനാൽ നവീകരണ പ്രവൃത്തി വാർഡ് 13
വർക്ക് കോഡ് -IC 212113
പ്രവൃത്തി 28/12/18ന് ആരംഭിച്ചു . 6/2/19 ന് അവസാനിച്ചു .
അടങ്കൽ തുക 100540 രൂപയും
ആകെ വേതനം 74825
ലഭിച്ച തൊഴിൽ ദിനങ്ങൾ -265

മെഷർമെൻറ് ബുക്ക്

പ്രവൃത്തി നടപ്പാക്കുന്നതിന് വേണ്ടി എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കുന്ന സാങ്കേതിക രേഖയാണ് മെഷർമെൻറ് ബുക്ക് .പ്രവൃത്തി 1ഉം 2ഉം മണ്ണ്
ജല സംരക്ഷണ പ്രവൃത്തി ആയതിനാൽ മെഷർമെന്റ് ബുക്കിലെ അളവും പ്രവൃത്തി സ്ഥലത്തെ അളവും തമ്മിൽ നേരിയ വ്യത്യാസം കണ്ടു .2018ലെ മഴക്കെടുതികൾ കാരണമായിരിക്കാം ഈ വ്യത്യാസം വന്നത് .എന്നാലും പ്രവർത്തി സ്ഥലങ്ങളിലെ മഴക്കുഴിയും, മണ്ണ് കയ്യാലകളും ഭാഗികമായി തകർന്ന നിലയിലാണെങ്കിലും ഇവ പ്രശംസനീയമാണ്.

പ്രവർത്തി 3 വിഭാഗം എ കനാൽ നവീകരണത്തിന്റെ മെഷർമെന്റ് ബുക്കിലെ അളവും പരിശോധന സമയത്ത് ലഭിച്ച അളവും വളരെ കൃത്യമായിരുന്നു.

## **രജിസ്റ്റർ പരിശോധന**

പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കേണ്ട 7 രജിസ്റ്ററുകൾ
കേന്ദ്രസർക്കാരിന്റെ നിർദ്ദേശപ്രകാരം താഴെപറയുന്ന 7 രെജിസ്റ്ററുകൾ നിർബന്ധമായും ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടവയാണ്

1. തൊഴിൽ കാർഡിനുള്ള കുടുംബ അപേക്ഷയുടെ രെജിസ്റ്റർ

2. ഗ്രാമസഭ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ മീറ്റിംഗ് രെജിസ്റ്റർ

3. തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ച രെജിസ്റ്റർ

4. പ്രവൃത്തിയിടെ ലിസ്റ്റും ചെലവും വിശദാംശങ്ങൾ സംബന്ധിച്ച രെജിസ്റ്റർ

5. സ്ഥിര ആസ്തിയുടെ രെജിസ്റ്റർ

6. പരാതി രെജിസ്റ്റർ

7. സാധന സാമഗ്രികളുടെ രെജിസ്റ്റർ

---

2018-19 സാമ്പത്തിക വർഷത്തെ റജിസ്റ്ററുകളാണ് പരിശോധനക്ക് വിധേയമാക്കിയത്. അതിൽ പരാതി റജിസ്റ്ററിലെ 17 പരാതികളിൽ 9 എണ്ണം തീർപ്പാക്കിയതായി കണ്ടു.2012 മഛ്ർച്ച 30 മുതൽ 2018 സെപ്റ്റംബർ 27 വരെയുള്ള പരാതികളാണ് രെജിസ്റ്ററിൽ ഉണ്ടായിരുന്നത്. തൊഴിൽ കാർഡ് രജിസ്റ്ററിൽ അതിൽ രജിസ്റ്റർ നമ്പർ, അപേക്ഷകരുടെ പേര്, മേൽവിലാസം, രജിസ്റ്റർ ചെയ്ത ഉദ്യോഗസ്ഥന്റെ ഒപ്പും പേരും, എന്നിവയെല്ലാം കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്.

## **കേന്ദ്ര സർക്കാർ നിർദേശ പ്രകാരം ഒരു വർക്ക് ഫയലിൽ താഴെ പറയുന്ന രേഖകൾ നിർബന്ധമായും ഉണ്ടാകേണ്ടതാണ്.**

1. കവർ പേജ്: കവർ പേജിൽ പ്രധാനമായും രേഖപ്പെടുത്തേണ്ടത് വർക്കിന്റെ പേര്,ജില്ല,ബ്ലോക്ക്,പഞ്ചായത്ത്, ഭരണാനുമതി നമ്പർ ,സങ്കേതികാനുമതി നമ്പർ,എസ്റ്റിമേറ്റ് നമ്പർ തുക എന്നിവയാണ്.
2. ചെക്ക് ലിസ്റ്റ്: ഇതിൽ ഫയലിലുള്ള രേഖകളുടെ പേരും അവ ഏതു പേജ് നമ്പറിൽ ആണെന്നാണ് രേഖപ്പെടുത്തേണ്ടത്.
3. അംഗീകരിച്ച ആക്ഷൻ പ്ലാൻ കോപ്പി
4. സാങ്കേതിക അനുമതി കോപ്പി: എന്ജിനീറിങ് വിഭാഗം നൽകുന്ന അനുമതിയാണിതിലുണ്ടാകുക.ഇതിൽ വർക് കോഡ്,വർക് പേര്,സാങ്കേതിക്കാനുമതി നമ്പർ,എസ്റ്റിമേറ്റ് വിവരങ്ങൾ എന്നിവ ഉണ്ടായിരിക്കും.

5. ഭരണാനുമതി കോപ്പി: തൊഴിലുറപ്പ് പ്രവർത്തിക്കുവേണ്ടിയുള്ള ഭരണസമിതിയുടെ അംഗീകാരമാണിത്.

6. തൊഴിലിനുള്ള അപേക്ഷ ഫോം: തൊഴിലാളികൾ അവർക് തൊഴിൽ ലഭിക്കാനായി പഞ്ചായത്തിൽ

കൊടുക്കുന്ന അപേക്ഷയാണിത്.

7. വർക് അലൊക്കേഷൻ ഫോം.
8. കൺവർജൻസ് കോപ്പി
9. പൂരിപ്പിച്ച മാസ്റ്ററോളിന്റെ കോപ്പി: തൊഴിലാളികൾ ഓരോ ദിവസവും അവരുടെ ഹാജർ രേഖപ്പെടുത്തുന്നതാണിത്.അതിൽ തൊഴിലാളികളുടെ പേര്,ഒപ്പ്,വേതനം ,ഷാർപ്പണിങ് ചാർജ് എന്നിവ ഉണ്ടായിരിക്കുന്നതാണ്.

10. കോപ്പി ഓഫ് എം ബുക്ക്: ഇത് ഓരോ പ്രവർത്തിയുടെയും അളവും തുകയും രേഖപ്പെടുത്താനാണ്.

11. ക്വട്ടേഷൻ നടപടി ക്രമങ്ങൾ
12. വർക് ബിൽ
13. വേജ് ലിസ്റ്റ്.
14. ഫണ്ട് ട്രാൻസ്ഫർ ഓർഡർ കോപ്പി: ഇതിൽ തൊഴിലാളികളുടെ കൂലി,മെറ്റീരിയൽ ചാർജ് എന്നിവ രേഖപ്പെടുത്തിയിരിക്കും.
15. സൈറ്റ് ഡയറി
16. കോപ്പി ഓഫ് റോയൽറ്റി പെയ്ഡ്
17. ജിയോ ടാഗഡ് ഫോട്ടോസ്
18. പ്രവർത്തി പൂർത്തീകരിച്ച സാക്ഷ്യ പത്രം
19. മാസ്റ്ററോൾ മൂവ്മെന്റ് സ്ലിപ്
20. സോഷ്യൽ ഓഡിറ്റ് കോപ്പി
21. എസ്റ്റിമേറ്റ് റിപ്പോർട്ട്
22. ഗ്രാമസഭ മിനുട്ട്സ് കോപ്പി

## കണ്ടെത്തലുകൾ

1. കവർ പേജ് : പ്രവർത്തിയുമായി ബന്ധപ്പെട്ട പൊതു വിവരങ്ങൾ ഉൾകൊള്ളുന്ന രേഖയാണ് കവർ പേജ്. പരിശോധിച്ച 3(wc 292315, IC212113, WC293002.)
പ്രവർത്തി ഫയലുകളിലും പ്രാദേശികമായ കവർ പേജ് കാണുവാൻ സാധിച്ചു. എ എം സി പ്രകാരമുള്ള കവർ പേജ് ആയിരുന്നില്ല.

2. ചെക്ക് ലിസ്റ്റ് : 2ഫയലിൽ ചെക്ക് ലിസ്റ്റ് ഉണ്ടായിരുന്നു. എന്നാൽ പേജ് നമ്പർ രേഖപ്പെടുത്തിയിട്ടില്ല. WC292315ഇൽ ചെക്ക് ലിസ്റ്റ് ഉണ്ടായിരുന്നില്ല

3. ആക്ഷൻ പ്ലാൻ : പ്രസ്തുത പ്രവർത്തി പഞ്ചായത്തിലെ നടപ്പ് സാമ്പത്തിക വർഷത്തിലെ ആനുവൽ ആക്ഷൻ പ്ലാനിൽ ഉൾപ്പെട്ടതാണ് എന്ന് തെളിയിക്കുവാനുള്ള രേഖയാണ് ആക്ഷൻ പ്ലാനിന്റെ കോപ്പി. പരിശോധിച്ച 3 ഫയലുകളിൽ ആക്ഷൻ പ്ലാൻ കോപ്പി ഉണ്ടായിരുന്നില്ല.

4.ഭരണാനുമതി : പ്രവർത്തി ചെയ്യുന്നതിന് നിർവഹണ സ്ഥാപനം നൽകുന്ന അനുമതിയാണ് ഭരണാനുമതി. പരിശോധിച്ച എല്ലാ പ്രവർത്തികൾക്കും ഭരണാനുമതി ഉണ്ടായിരുന്നു സെക്യൂറിൽ നിന്നുള്ള കോപ്പിയാണ് ഉണ്ടായിരുന്നത്. കോപ്പിയിൽ സെക്രെട്ടറിയുടെ ഒപ്പ്, പേര്, സീൽ എന്നിവ രേഖപ്പെടുത്തിയതായി കണ്ടില്ല.

5.സാങ്കേതികാനുമതി : ഒരു പ്രവർത്തിക്ക് സാങ്കേതിക അനുമതി ലഭിച്ചിട്ടുണ്ട് എന്നതിനുള്ള ആധികാരിക രേഖയാണ് സാങ്കേതികാനുമതി രേഖ. പരിശോധിച്ച എല്ലാ ഫയലുകളിലും സാങ്കേതികാനുമതി രേഖ ഉണ്ടായിരുന്നു. അതിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒപ്പ് ഉണ്ടായിരുന്നുവെങ്കിലും തിയ്യതിയും സീലും ഉണ്ടായിരുന്നില്ല. എസ്റ്റിമേറ്റ് റിപ്പോർട്ടിനകത്ത്

പ്രവർത്തിയുടെ ഗുണ ഫലങ്ങൾ കൂടി ഉൾപ്പെടുത്തണം. ഡ്രോയിങ് ആൻഡ് ഡിസൈൻ, സർവ്വേ ഡാറ്റാ എന്നിവ ഫയലിൽ ഉണ്ടായിരുന്നില്ല. കൂടാതെ എസ്റ്റിമേറ്റ് ജനകീയ ഭാഷയിൽ അല്ലായിരുന്നു.

6. സംയോജിത പദ്ധതി : വാർഡിൽ നടത്തിയത് പൊതു പ്രവർത്തികളാണ്. സംയോജിത പ്രവർത്തികളല്ലായിരുന്നു.

7. തൊഴിലിനുള്ള അപേക്ഷ : പരിശോധിച്ച ഫയലിൽ തൊഴിലിനുള്ള അപേക്ഷ ഉണ്ടായിരുന്നു. അവയെല്ലാം ഗ്രൂപ്പായിട്ടുള്ള അപേക്ഷ ആയിരുന്നു. അവയെല്ലാം എഴുതി തയ്യാറാക്കിയ രേഖകൾ ആയിരുന്നു. 2ഫയലിൽ ( IC 212113, WC293002)തൊഴിൽ കാർഡ് നമ്പർ ഇല്ലായിരുന്നു.

8. തൊഴിൽ അനുവദിച്ചതിന്റെ പകർപ്പ് : തൊഴിൽ അനുവദിച്ച കാര്യം രേഖാമൂലം തൊഴിലാളികളെ അറിയിക്കണമെന്നാണ് വ്യവസ്ഥ. പരിശോധിച്ച 3 പ്രവർത്തി ഫയലുകളിൽ തൊഴിൽ അനുവദിച്ചതിന്റെ പകർപ്പ് ഉണ്ടായിരുന്നില്ല.

9. മസ്റ്റർ റോൾ : പ്രവർത്തി സ്ഥലത്ത് തൊഴിലാളികളുടെ ഹാജർ രേഖപ്പെടുത്തുന്നതിനുള്ള രേഖയാണ് മസ്റ്റർ റോൾ. പരിശോധിച്ച മസ്റ്റർ റോളുകളിൽ മെഷർമെന്റ് ബുക്ക് നമ്പർ രേഖപ്പെടുത്തിയിരുന്നില്ല. മസ്റ്റർ റോൾ പരിശോധിച്ച ഉദ്യോഗസ്ഥന്റെ പേരും പദവിയും രേഘപ്പെടുത്തിയിരുന്നില്ല. ചില മസ്റ്റർ റോളുകളിൽ വെട്ടി തിരുത്തലുകൾ ശ്രദ്ധയിൽപെട്ടു.

10. മെഷർമെൻറ് ബുക്ക് : പ്രവർത്തി ചെയ്ത അളവ് രേഖപ്പെടുത്തേണ്ട ആധികാരിക രേഖയാണ് മെഷർമെൻറ് ബുക്ക്. പരിശോധിച്ച പ്രവർത്തികളുടെ ഫയലുകളിൽ മെഷർമെൻറ് ബുക്ക് കാണാൻ കഴിഞ്ഞു. മെഷർമെന്റ് ബുക്ക് നമ്പർ IC212113- WC293002-23/18-19, WC292315-189/18-19 WC292315, IC212113എന്നിവയിൽ സാങ്കേതിക ഭരണാനുമതി നമ്പർ രേഖപ്പെടുത്തിയിട്ടില്ല.
11. സാധനഘടകം : സാധനഘടകങ്ങൾ ആവശ്യമില്ലായിരുന്നു.

12. വേജ് ലിസ്റ്റ് : മസ്റ്റർ റോളിലെ തൊഴിലാളികളുടെ ഹാജർ ദിനങ്ങളെ ആധാരമാക്കിയാണ് വേതന വിതരണത്തിനുള്ള വേജ് ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. ഇത് ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെ ചുമതലയാണ്. ഒരു മസ്റ്റർ റോൾ ക്ലോസ് ചെയ്തു കഴിഞ്ഞാൽ നാലാമത്തെയോ അഞ്ചാമത്തെയോ ദിവസം ഈ പ്രവർത്തികൾ പൂർത്തീകരിച്ചിരിക്കണം. മസ്റ്റർ റോളിൽ ആനുപാതികമായി തൊഴിലാളിക്ക് വേതനം അനുവദിച്ചുവെന്ന് തെളിയിക്കുവാനുള്ള ആധികാരിക രേഖയാണ് ഇത്. പരിശോധിച്ച ഫയലുകളിൽ IC212113, WC293002 എന്നിവയിൽ വേജ് ലിസ്റ്റ് ഉണ്ടായിരുന്നില്ല.WC292315ൽ വേജ് ലിസ്റ്റ് ഉണ്ടെങ്കിലും പൂർണമല്ല.

13. എഫ് ടി ഒ : ഡിജിറ്റൽ സംവിധാനത്തിലൂടെ ഓൺലൈൻ ആയിട്ട് ഗ്രാമപഞ്ചായത്ത് സെക്രെട്ടറിയും പ്രസിഡന്റും ഒപ്പ് രേഖപ്പെടുത്തുന്നതാണ് എഫ് ടി ഒ. പരിശോധിച്ച ഒരു ഫയലിലും എഫ് ടി ഒ കോപ്പി ഉണ്ടായിരുന്നില്ല.

14. മെറ്റീരിയൽ വൗച്ചർ : ഒരു പ്രവർത്തിക്ക് സാങ്കേതിക എസ്റ്റിമേറ്റ് പ്രകാരം ആവശ്യമുള്ള സാധന സാമഗ്രികൾ വാങ്ങുന്നതിനുള്ള നടപടി ക്രമണങ്ങൾ പ്രതിബാധിക്കുന്ന രേഖ. പരിശോധിച്ച ഒരു ഫയലിലും മെറ്റീരിയൽ വൗച്ചർ ഉണ്ടായിരുന്നില്ല.

15. റോയലിറ്റി : റോയലിറ്റി നൽകിയ പ്രവർത്തിയാണോ എന്നറിയുവാൻ സഹായിക്കുന്ന രേഖയാണ് റോയലിറ്റി രേഖ. ഒരു പ്രവർത്തി ഫയലിലും കാണാൻ കഴിഞ്ഞിട്ടില്ല.

16. ഫോട്ടോ : പ്രവർത്തിയുടെ ആരംഭം, നടന്നോണ്ടിരിക്കുമ്പോൾ, പ്രവർത്തി പൂർത്തീകരിച്ചതിനു ശേഷം എന്നീ മൂന്നു ഘട്ടങ്ങളിലെ ഫോട്ടോകൾ ഫയലിൽ സൂക്ഷിക്കേണ്ടതാണ്. പരിശോധിച്ച ഫയലിൽ ഒന്നിലും ഫോട്ടോ കാണാൻ കഴിഞ്ഞില്ല.

17. പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം : പരിശോധിച്ച എല്ലാ ഫയലുകളിലും പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം ഉണ്ടായിരുന്നു.

18. മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ് : ഒരു പ്രവർത്തിയുടെ ഓരോ ഘട്ടത്തിലെയും മസ്റ്റർ റോൾ അനുവദിച്ചു തൊഴിലാളികൾക്കു വേതനം നൽകുന്നതുവരെയുള്ള ഓരോ ഘട്ടങ്ങളും ഏതൊക്കെ രീതിയിൽ നടന്നുവെന്ന് മനസിലാക്കാനുള്ള രേഖ. പരിശോധിച്ച എല്ലാ ഫയലുകളിലും ഉണ്ടായിരുന്നു.

19. ജിയോ റ്റാഗ്ഗ്ഡ് ഫോട്ടോസ് : പ്രവർത്തികൾ ജിയോ ടാഗ് ചെയ്തിട്ടുണ്ടോ എന്ന് അറിയുവാൻ സഹായിക്കുന്ന ഘടകം. പരിശോധിച്ച ഫയലുകളിൽ ഒന്നും ഉണ്ടായിരുന്നില്ല.

20. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്റെ കോപ്പി : ഒരു പ്രവർത്തിയുടെ നേരവകാശികളായ സാധാരണ ജനങ്ങൾ ആ പദ്ധതി അവലോകനം ചെയ്യുകയും, പരിശോധിക്കുകയും, വിലയിരുത്തുകയും ചെയ്യുന്ന ജനകീയ ഇടപെടലാണ് സോഷ്യൽ ഓഡിറ്റ്. തൊഴിലുറപ്പ് പദ്ധതിയിൽ പണം ചിലവഴിച്ചത് ശെരിയായ രീതിയിൽ ആണോ, ലക്ഷ്യമിട്ട അവകാശങ്ങളും ആനുകൂല്യങ്ങളും അർഹതപ്പെട്ടവർക് ലഭിച്ചിട്ടുണ്ടോ, നിർവഹണ രീതിയിൽ അപാകതകൾ ഉണ്ടോ, പ്രധീക്ഷിച്ച നേട്ടം ഉണ്ടായിട്ടുണ്ടോ എന്നെല്ലാം ജനങ്ങൾ നേരിട്ട് പരിശോധിക്കുന്ന ജനകീയ പ്രക്രിയയാണ് സോഷ്യൽ ഓഡിറ്റ്. പരിശോധിച്ച ഫയലുകളിൽ സൂക്ഷിച്ചിട്ടുണ്ടായിരുന്നിലെങ്കിലും സോഷ്യൽ ഓഡിറ്റ് രജിസ്റ്ററിൽ അവ ഉണ്ടായിരുന്നു.

21. സൈറ്റ് ഡയറി : തൊഴിലുറപ്പ് പ്രവർത്തി സ്ഥലത്ത് ആ പ്രവർത്തിയുമായി ബന്ധപ്പെട്ട് നടക്കുന്ന എല്ലാ കാര്യങ്ങളും എഴുതി വെക്കുന്ന രേഖയാണിത്. എല്ലാ ഫയലുകളിലും സൈറ്റ് ഡയറി ഉണ്ടായിരുന്നു.

## എസ്റ്റിമേറ്റും പ്രവൃത്തിയുടെ അളവുകളും

പ്രവർത്തി നടപ്പാക്കുന്നതിനായി എഞ്ചിനീറിങ് വിഭാഗം തയ്യാറാക്കുന്ന സാങ്കേതിക രേഖയാണ് എസ്റ്റിമേറ്റ്. ഒരു പ്രവർത്തി എങ്ങനെ നടപ്പിലാക്കണമെന്ന് മാർഗ്ഗനിർദ്ദേശം നൽകുന്ന ഒരു രേഖ കൂടിയാണിത്. ഇതിൽ പദ്ധതിയുടെ പേര്, പദ്ധതിയിൽ ഏറ്റെടുക്കുന്ന പ്രവർത്തികൾ, അവയുടെ എണ്ണം,നീളം, വീതി, പൊക്കം /ആഴം, ഒരു യൂണിറ്റിന് നൽകേണ്ട തുക, ആകെ തുക എന്നിവ നിർബന്ധമായും രേഖപ്പെടുത്തിയിരിക്കണം. സാധന സമഗ്രഹികൾ വിദഗ്ദ്ധ അവിദഗ്ത തൊഴിലാളികളുടെ എണ്ണം,നൽകുന്ന കൂലി, സി ഐ ബി യുടെ ചിലവ് എന്നിവ എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിച്ചിരിക്കേണ്ടതാണ്. വർക്ക് ഫയലിൽ സൂക്ഷിച്ചിട്ടുള്ള എസ്റ്റിമേറ്റ് ഇംഗ്ലീഷിൽ ഉള്ളതും സാങ്കേതിക ഭാഷയിലുള്ളതും ആണ്. സാധാരണ തൊഴിലാളികൾക്കും പൊതുജനങ്ങൾക്കും പരിശോധിക്കുവാൻ കഴിയും വിധം എസ്റ്റിമേറ്റ് ജനകീയ ഭാഷയിലേക്കാക്കി പ്രവർത്തി സമയത്ത് മാറ്റിന്റെ കൈവശം വെയ്ക്കേണ്ടതാണ്. സ്വകാര്യ ഭൂമിയിൽ ചെയ്യുന്ന പ്രവർത്തികളിൽ സ്ഥലം ഉടമയുടെ അപേക്ഷ സമർപ്പിക്കുമ്പോൾ ഭൂമിയുടെ അളവ് രേഖപെടുതെണ്ടതാണ്. സാക്ഷിപത്രം സമർപ്പിക്കുമ്പോൾ പ്രസ്തുത ഭൂമിയിൽ ചെയ്ത പ്രവർത്തിയുടെ വിശദമായ വിവരങ്ങൾ രേഖപെടുത്തേണ്ടതാണ്. അളവുകൾ അടിസ്ഥാനപെടുത്തിയാണ് ബില്ലുകൾ പാസാക്കുന്നതും വേദനം നൽകുന്നതും. ആയതിനാൽ അളവുകളുടെയും എണ്ണത്തിന്റെയും കാര്യത്തിൽ ഭാവിയിൽ അങ്ങേയറ്റത്തെ കൃത്യത സാങ്കേതിക വിഭാഗം ഉറപ്പാകേണ്ടതാണ്. അല്ലാത്തപക്ഷം അളവുകളിൽ വരുന്ന വ്യത്യാസത്തിന്റെ ബാധ്യത ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഏറ്റെടുക്കേണ്ടതാണ്.

## സിറ്റിസൺ ഇൻഫർമേഷൻ ബോർഡ്

ഒരു പ്രവർത്തി നടത്തിയ സ്ഥലം കൃത്യമായി മനസിലാക്കാനും പദ്ധതി പ്രവർത്തനങ്ങളുടെ സുതാര്യത ഉറപ്പുവരുത്തുന്നതിനും തൊഴിലുറപ്പു പദ്ധതിയിൽ അത്യാവശ്യം ആണ്. തൊഴിലുറപ്പു നിയമം ഷെഡ്യൂൾ 22(4) ലും വാർഷിക മാസ്റ്റർ സർക്കുലർ ചാപ്റ്റർ 10(6),11,7,13 എന്നിവയിലും സി ഐ ബി യെ കുറിച്ച് പരാമർശിക്കുന്നു. ഓഡിറ്റിങിന്റെ ഭാഗമായി ഞങ്ങൾ പരിശോധിച്ച ഫയലിലെ ഫീൽഡിൽ എല്ലാം സി ഐ ബി സ്ഥാപിച്ചിട്ടുണ്ട്.

## നിർദ്ദേശങ്ങൾ

## ഉദ്യോഗസ്ഥരോട്

പ്രവർത്തി ഫയലിൽ സൂക്ഷിക്കേണ്ട രേഖകൾ കൃത്യമായി സൂക്ഷിക്കുക കേന്ദ്ര സർക്കാരിന്റെ മാർഗനിർദ്ദേശം കൃത്യമായി പാലിക്കുക

ജനകീയ ഭാഷയിലുള്ള എസ്റ്റിമേറ്റ് തൊഴിൽ സ്ഥലങ്ങളിൽ നൽകുക

മാസ്ട്രോൾ അനുവദിച്ചു നൽകുമ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ തീയതിയോട് കൂടിയ ഒപ്പ്, സീൽ, എന്നിവ ഉറപ്പാക്കുക.

കൃത്യമായ ഇടവേളകളിൽ തൊഴിൽ സ്ഥലങ്ങൾ സന്ദർശിക്കുക

തൊഴിലാളികൾ ആവശ്യപെടുന്ന സമയങ്ങളിൽ കാലാവസ്ഥയ്ക്ക് അനുസരിച്ചുള്ള പ്രവർത്തികൾ നൽകുക.

പ്രവർത്തി സ്ഥലങ്ങളിൽ കുടിവെള്ളം തണൽ പ്രാഥമിക ചികിത്സ സൗകര്യങ്ങൾ എന്നിവ ഒരുക്കി നൽകുക

എസ്റ്റിമേറ്റിന് അനുസൃതമായി പ്രവർത്തി നടത്താൻ ശ്രദ്ധിക്കുക

## ഗ്രാമപഞ്ചായത്തിനോട്

കൃത്യമായ ഇടവേളകളിൽ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ നടത്തുക

കൂടുതൽ പദ്ധതികളും മഴക്കുഴികളും മണ്ണ് കയ്യാലയും ആണ് ചെയ്തിരിക്കുന്നത്. സ്ഥിര ആസ്തിയുണ്ടാകുന്ന പ്രവർത്തികൾ ഉണ്ടാകുക.

ദേശീയ ഉപജീവന മിഷന്റെ (NRLM) സഹായത്തോടെ മെച്ചപ്പെട്ട രീതിയിലുള്ള തൊഴിൽ പരിശീലനം നൽകി കുറച്ചു തൊഴിലാളികളെ വിദഗ്ധ / അവിദഗ്ധ തൊഴിലാളികളാക്കി മാറ്റുക.

## തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുത്ത് നടത്താവുന്ന പ്രവർത്തികൾ

1. വിഭാഗം എ : പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു പ്രവർത്തികൾ

കുടിവെള്ള ശ്രോതസുകൾ ഉൾപ്പെടെയുള്ള ഭൂഗർഭജലവിധാനം ഉയർത്തുന്നതിന് ആവശ്യമായ മണ്ണ് തടയണകൾ, അണകൾ, ചെക്ക് ഡാം, തുടങ്ങിയ ജലസംരക്ഷണത്തിനും ജലകൊയ്ത്തിനും സഹായകരമായ നിർമ്മിതികൾ.

ഒരു നീർത്തടത്തിന്റെ സമഗ്ര പരിപാലനത്തിന് ഇടപെടലുകളായ കോണ്ടൂർ ട്രെഞ്ചുകൾ, തട്ട് തിരിക്കൽ, കോണ്ടൂർ ബണ്ടുകൾ, കല്ല് തടയണകൾ, നീരുറവ പ്രേദശത്തിന്റെ പരിപോഷണം തുടങ്ങിയ നീർത്തട പരിപാലന പ്രവർത്തികൾ.

സൂക്ഷ്മ ചെറുകിട ജലസേചന പ്രവർത്തികളും തോട് / കനാൽ എന്നിവയുടെ നിർമ്മാണം, പുനരുദ്ധാരണം എന്നീ പ്രവർത്തികൾ.

ജലസേചന കുളങ്ങളുടെയും മറ്റു ജലസ്രോതസുകളുടെയും ആഴം കൂട്ടൽ ഉൾപ്പെടെയുള്ള പരമ്പരാഗത ജലസ്രോതസുകളുടെ പുനരുദ്ധാരണം.

കടലോരങ്ങളിലും കുളങ്ങളുടെ അരികിലും കനാൽ ബണ്ടുകളിലും റോഡുകളുടെ ഓരത്തിലും വനഭൂമിയിലും ഫലവൃക്ഷങ്ങൾ അടക്കമുള്ള മരം വച്ചുപിടിപ്പികലും വനവത്കരണവും (ഇവയിൽ നിന്നു ലഭിക്കുന്ന ആദായത്തിന്റെ അവകാശം ഖണ്ഡിക 5 ൽ പ്രതിബാധിക്കുന്ന കുടുംബങ്ങൾക് നൽകേണ്ടതാണ് ).

2. വിഭാഗം ബി : സമൂഹത്തിൽ അവശ്യത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള വ്യക്തികത ആസ്തികൾ

ഖണ്ഡിക 5 ൽ പരാമർശിക്കുന്ന കുടുംബങ്ങൾക്ക് (SC,ST, Nomadic Tribe, Denotified Tribe, BPL കുടുംബങ്ങൾ, സ്ത്രീകൾ ഗൃഹനാഥയായ കുടുംബം, ഭിന്നശേഷിക്കാർ ഗൃഹനാഥരായ കുടുംബം, ഭൂപരിഷ്കരണത്തിന്റെ ഗുണഭോക്താക്കൾ, ഇന്ദിര ആവാസ് യോജന ഗുണഭോക്താക്കൾ, വനാവകാശ നിയമപ്രകാരമുള്ള ഗുണഭോക്താക്കൾ)മുകളിൽ പറഞ്ഞിരിക്കുന്ന കുടുംബങ്ങളല്ലാത്ത പക്ഷം, 2008 ലെ കാർഷികകടാശ്വാസ നിയമപ്രകാരമുള്ള ചെറുകിട നാമമാത്ര കർഷകർ, ഭൂമിയുടെ ഉല്പാദന ക്ഷമത വർധിപ്പിക്കുന്നതിനായി ഭൂവികസനവും, കിണറുകൾ, കുളങ്ങൾ, മറ്റ് ജലകൊയ്ത് നിർമ്മിതികൾ ലഭ്യമാക്കൽ.

പഴക്കൃഷി, പട്ടുനൂൽ കൃഷി, തോട്ടവിള കൃഷി, ഫാം ഫോറസ്ട്രി എന്നിവയിലൂടെ ഉപജീവനം മെച്ചപ്പെടുത്തൽ.

ഖണ്ഡിക 5 ൽ സൂചിപ്പിക്കുന്ന കുടുംബങ്ങളുടെ തരിശു ഭൂമി വികസിപ്പിച്ച് കൃഷിക്ക് അനുയോജ്യമാക്കൽ.

ഇന്ദിര ആവാസ് യോജന പ്രകാരമോ, കേന്ദ്ര / സംസ്ഥാന സർക്കാറുകൾ ആവിഷ്കരിക്കുന്ന മറ്റ് ഭവന നിർമ്മാണ പ്രവർത്തികൾ പ്രകാരമോ ഏറ്റെടുക്കുന്ന ഭാവനനിർമ്മാണത്തിലെ അവിദഗ്ധ കായിക തെഴിൽ ഘടകം.

മൃഗപരിപാലനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളായ കോഴിക്കൂട്, ആട്ടിന്കൂട്, പട്ടിക്കൂട്, തൊഴുത്ത് എന്നിവയുടെ നിർമ്മാണം.

മത്സ്യബന്ധന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ഉതകുന്ന അടിസ്ഥാന സൗകര്യങ്ങളായ മത്സ്യം ഉണക്കുന്ന, സൂക്ഷിക്കുന്ന കേന്ദ്രങ്ങൾ നിർമ്മിക്കലും വർഷകാലത്ത് മാത്രം വെള്ളമുള്ള

പൊതു കുളങ്ങളിൽ മത്സ്യം വളർത്തുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ.

3. വിഭാഗം സി : ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ നിബന്ധനകൾ അനുസരിക്കുന്ന സ്വയം സഹായ സംഗങ്ങൾക് പൊതു അടിസ്ഥാന സൗകര്യങ്ങൾ.

കാർഷികോത്പന്നങ്ങളുടെ ഈടുറ്റ സംഭരണ സൗകര്യം ഉൾപ്പെടെയുള്ള വിളവെടുപ്പിനു ശേഷം ആവശ്യമുള്ള സൗകര്യങ്ങൾ, ജൈവവളം എന്നിവയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുക വഴി കാര്ഷികോല്പാദന ക്ഷമത വർധിപ്പിക്കുന്നതിനുള്ള പ്രവർത്തികൾ.

സ്വയം സഹായ പ്രവർത്തനത്തിന് ആവശ്യമായ പൊതു വർക്ക് ഷെഡ്ഡുകളുടെ നിർമ്മാണം.

4. വിഭാഗം ഡി : ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ.

നിർദ്ദേശിക്കപ്പെട്ട മാനദണ്ഡങ്ങൾക്ക് a അനുസൃതമായി ഖരദ്രവ മാലിന്യ സംസ്കരണത്തിനും തുറസായ മലമൂത്ര വിസർജനം ഇല്ലാതാക്കുന്നതിനും വേണ്ടി സ്വതന്ത്രമായോ സർക്കാർ വകുപ്പുകളുടെ ഇതര പദ്ധതികളുമായി സംയോജിപ്പിച്ചോ വക്തികത കക്കൂസുകൾ സ്കൂൾ,അംഗൻവാടി ടോയിലറ്റുകൾ തുടങ്ങിയ പ്രവർത്തികൾ. ഒറ്റപ്പെട്ടു കിടക്കുന്ന ഗ്രാമങ്ങളെയും, നിർദിഷ്ട ഗ്രാമീണ ഉല്പാദന കേന്ദ്രങ്ങളെയും നിലവിലുള്ള റോഡ് ശൃംഖലയുമായി ബന്ധിപ്പിക്കുന്നതിനുള്ള എല്ലാ കാലാവസ്ഥയിലും ഉപയോഗിക്കാൻ പറ്റുന്ന ഗ്രാമീണ റോഡുകളുടെ നിർമാണവും,ഓടകൾ, കലുങ്കുകൾ, തുടങ്ങിയവയുടെ നിർമാണം, കളി സ്ഥല നിർമാണം.

വെള്ളപ്പൊക്ക നിയന്ത്രണ സംരക്ഷണ പ്രവർത്തികൾ, വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള പ്രവർത്തികൾ, മഴവെള്ളം കെട്ടിനിൽക്കുന്ന താഴ്ന്ന പൊതുസ്ഥലങ്ങളുടെ മെച്ചപ്പെടുത്തൽ, തീരപ്രദേശങ്ങളുടെ സംരക്ഷണത്തിനുള്ള,വാട്ടർ ട്രയിനുകൾ, എന്നിവ ഉൾപെടെയുള്ള പൊതു അടിസ്ഥാന സൗകര്യങ്ങൾ, റോഡുകളുടെ പുനരുദ്ധാരണം, ദുരന്ത പ്രതിരോധ തയ്യാറെടുപ്പുകൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തികൾ.

ഗ്രാമപഞ്ചായത്തുകൾ, വനിതാസ്വയം സഹായ സംഘങ്ങൾ,കൊടുങ്കാറ്റ് ബാധിതർക്കുള്ള അഭയ കേന്ദ്രങ്ങൾ, അങ്കണവാടികൾ, ഗ്രാമീണ ചന്തകൾ, എന്നിവയ്ക് ആവശ്യമായ കെട്ടിട നിർമാണവും, ഗ്രാമ / ബ്ലോക്ക് തല ക്രിമിറ്റോറിയലുകളുടെ നിർമാണം.

ദേശീയ ഭക്ഷ്യ സുരക്ഷ നിയമം 2013ലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ആവശ്യമായി വരുന്ന ഭക്ഷ്യ

ധാന്യ സംഭരണികളുടെ നിർമാണം.

MGNREGA പ്രകാരം ഏറ്റെടുക്കുന്ന നിർമാണ പ്രവർത്തികളുടെ എസ്റ്റിമേറ്റിന്റെ ഭാഗമായി വരുന്ന നിർമാണ സമഗ്രഹികളുടെ ഉത്പാദനം.

MGNREGA പ്രകാരം സൃഷ്ടിക്കപ്പെട്ട ഗ്രാമീണ പൊതു ആസ്തികളുടെ അറ്റകുറ്റപണികൾ

3 പ്രവർത്തി ഫയലുകളുടെയും ഫീൽഡ് പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ താഴെ കൊടുക്കുന്നു.

1.വിഭാഗം എ കനാൽ നവീകരണ പ്രവർത്തി, IC212113

| ക്രമ നമ്പർ | പ്രവർത്തി നടന്ന സ്ഥലം | പ്രവർത്തിയുടെ പേര് | അളവ് |
|---|---|---|---|
| 1 | കുനിയിൽ കടവ് | കനാൽ നവീകരണ പ്രവർത്തി | 684.8 മീറ്റർ |

2.വിഭാഗം എ നീർത്തട മാസ്റ്റർ പ്ലാൻ പ്രകാരം മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ ഘട്ടം 2
WC 292315

| ക്രമ നമ്പർ | പേര് | പ്രവർത്തി | അളവ് |
|---|---|---|---|
| 1 | വലിയ മുറ്റത്ത് രാഘവൻ | മഴക്കുഴി മണ്ണ് കയ്യാല | മഴക്കുഴി ഒന്നര മീറ്റർ നീളം ഒരു മീറ്റർ ആഴം (ഇപ്പോൾ 60 സെന്റീമീറ്റർ ആഴം ഉള്ളൂ) മണ്ണ് കയ്യാല - 20.5 മീറ്റർ നീളം ഉയരം 75 സെന്റീമീറ്റർ മണ്ണ് കയ്യാല- 20.4 5 മീറ്റർ നീളം ഉയരം 65 സെന്റീമീറ്റർ മണ്ണ് കയ്യാല- 17.8മീറ്റർ നീളം ഉയരം 78 സെന്റീമീറ്റർ മണ്ണ് കയ്യാല - 6.40Cന ഉയരം 85 cm |
| 2 | വസന്ത വലിയ മുറ്റത്ത് | മണ്ണ് കയ്യാല, മഴക്കുഴി, വരമ്പ് | നീളം _ 11 M 40 cന ഉയരം 80-cന |
| 3 | സന്ധ്യ ചോനോക്കുന്നത് | മണ്ണ് കയ്യാല 2 | കാട് പിടിച്ചു |

| | | | |
|---|---|---|---|
| | | | കിടക്കുന്നു |
| 4 | രാഘവൻ വലിയ മുറ്റത്ത് | മണ്ണ് കയ്യാല | 22.60 നീളം<br>1.50 m ഉയരം |
| 5 | ഉണിച്ചിര അത്യോട്ട് | മഴക്കുഴി, മണ്ണ് കയ്യാല<br>മഴക്കുഴി | മണ്ണ് കയ്യാല<br>23.60 m നീളം<br>2m ഉയരം |
| 6 | കുഞ്ഞിരാമൻ ഓങ്ങിലൊട്ടുമ്മൽ | മണ്ണ് കയ്യാല 3 മഴക്കുഴി - 10 | നീളം ഉയരം<br>12.60 1.70<br>13.40 1.82<br>10.20 1.75 |
| 7 | സജിത താരോ പടിക്കൽ | മണ്ണ് കയ്യാല \| കല്ല് കയ്യാല 2 | മഴക്കുഴി<br>നീളം<br>ഉയരം<br>1.2.5 m 1.m<br>കല്ല് കയ്യാല<br>1. 6m 1.25m<br>മണ്ണ് കയ്യാല<br>11.90 2m |
| 8 | ലത കൊല്ലോത്ത് | മണ്ണ് കയ്യാല 2 മൺ വരമ്പ് ,മഴക്കുഴി | മണ്ണ് കയ്യാല<br>42.85 m നീളം ,75cm ഉയരം<br>39.65 m നീളം ,45 cm ഉയരം<br>കല്ല് കയ്യാല<br>5m നീളം ,75 m ഉയരം |
| 9 | കമലാ കൊട്ടാരത്തിൽ | മണ്ണ് കയ്യാല | 15 m നീളം<br>1m ഉയരം |
| 10 | കൃഷ്ണൻ കൊലോത്ത് | മണ്ണ് കയ്യാല | 9.19m നീളം<br>1.78m ഉയരം |

3.വിഭാഗം എ നീർത്തട മാസ്റ്റർ പ്ലാൻ പ്രകാരം മണ്ണ് ജല സംരക്ഷണം, WC293002

| ക്രമ നമ്പർ | പ്രവൃത്തി നടന്ന സ്ഥലം | പ്രവൃത്തിയുടെ പേര് | അളവുകൾ |
|---|---|---|---|
| 1 | തചോരക്കൽ മുസ്തഫ | മഴക്കുഴി 6<br>മണ്ണ് കയ്യാല | മഴക്കുഴി വീതി 1.50 മീറ്റർ,ആഴം 80.cm<br>മണ്ണ് കയ്യാല വീതി 1.10 മീറ്റർ, നീളം 257.60 മീറ്റർ |
| 2 | റുക്കിയ കോട്ടാരം | മഴക്കുഴി 18<br>വരമ്പ് | മഴക്കുഴി മണ്ണ് മൂടിയതായിരുന്നു<br>വരമ്പിന് 43.90 മീറ്റർ നീളം വീതി 1.20 meter |
| 3 | അരവിന്ദക്ഷൻ പുനത്തിൽ കണ് | മഴക്കുഴി 25 | മണ്ണ് മൂടിയതായിരുന്നു അളക്കാൻ കഴിഞ്ഞില്ല |
| 4 | ഇടയ്ക്കൊത്തു ചിത്ര | മഴക്കുഴി 33 | വീതി 1.50 മീറ്റർ നീളം 80 സെന്റി മീറ്റർ |

| | | | |
|---|---|---|---|
| 5 | ഇടയ്ക്കൊത്തു mohanan | മഴക്കുഴി 12<br>മണ്ണ് കയ്യാല | മഴക്കുഴികൾ ഇടിഞ്ഞു പോയതായിരുന്നു. മണ്ണുകയ്യാല 58.60 മീറ്റർ നീളം 1.50 മീറ്റർ വീതി |
| 6 | ഇടയ്ക്കൊത്തു ഉഷ ദേവി | മഴക്കുഴി 9 | എല്ലാ കുഴികളിലും തെങ്ങിൻ തൈകൾ വച്ചുപിടിപ്പിച്ചിരിക്കുന്നു |
| 7 | പടിഞ്ഞാറെ വീട്ടിൽ ശ്രീദേവി | മണ്ണ് കയ്യാല | 42 മീറ്റർ നീളവും 1.10 വീതിയും |
| 8 | പുളിക്കൽ രമേശൻ | വരമ്പ് | കാലപ്പഴക്കം കാരണം വരമ്പ്കളെല്ലാം നശിച്ചു പോയിരുന്നു |
| 9 | പുളിക്കൽ സുഗുണൻ | മഴക്കുഴി 5 | 3 കുഴികളിൽ തെങ്ങിൻ തൈകളും ബാക്കിയുള്ളവ ഇടിഞ്ഞു പോയതുമാണ് |
| 10 | വടക്കേ കൂടത്തും കണ്ടി മീനാക്ഷി | മഴക്കുഴി 2 | വീതി 60 സെന്റി മീറ്റർ ആഴം അളക്കാൻ കഴിയാത്തതും ആയിരുന്നു |
| 11 | പുളിക്കൽ സത്യനാഥൻ | മഴക്കുഴി 2 | വീതി 1.50 മീറ്റർ ആഴം 92 സെന്റിമീറ്റർ |
| 12 | ഉണ്ണിയാം കണ്ടി ഷീബ | മഴക്കുഴി 3 | വീതി 1.50 മീറ്റർ ആഴം 1.50 മീറ്റർ |
| 13 | സുമതി വസന്ത നിവാസ് | വരമ്പ് | കാടുപിടിച്ചതിനാൽ അളക്കാൻ കഴിഞ്ഞില്ല |
| 14 | നാലുപുരയ്ക്കൽ ഷെഹീന | മഴക്കുഴി<br>മണ്ണുകയ്യാല | മഴക്കുഴികൾ മുഴുവൻ വാഴ നട്ടിരിക്കുന്നു.. മണ്ണുകയ്യാല കാടുപിടിച്ചതിനാൽ അളക്കാൻ കഴിഞ്ഞില്ല |

അത്തോളി ഗ്രാമപഞ്ചായത്ത്
വാർഡ് 13 ലെ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ മിനിറ്റ്സ്

അത്തോളി ഗ്രാമപഞ്ചായത്ത് വാർഡ് 13 ലെ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ 4.00മണിക്ക് അത്തോളി ഹൈ സ്കൂളിൽ പതിമൂന്നാം വാർഡ് മെമ്പർ ഷീജ സ്വാഗതം പറഞ്ഞ് ആരംഭിച്ചു. തുടർന്ന് ജില്ലാ റിസോഴ്സ് പേഴ്സൺ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയ്ക്ക് ഒരു അധ്യക്ഷയെ തിരഞ്ഞെടുത്തു. തൊഴിലാളികളുടെ കൂട്ടത്തിൽ നിന്നും നൂറുദിന തൊഴിൽ തികച്ചതും ഏറ്റവും പ്രായം കൂടിയ തൊഴിലാളിയുമായ ശ്രീമതി ദേവിയെയാണ് അധ്യക്ഷയായി തിരഞ്ഞെടുത്തത്.തുടർന്ന് ഡി ആർ പി ചിമ്ന ഈ ഗ്രാമസഭയ്ക്ക് ഒരു ആമുഖ അവതരണം നടത്തി. തൊഴിലുറപ്പ് തൊഴിലാളികൾക്കുള്ള 10 അവകാശങ്ങളെപ്പറ്റി വി.ആർ.പി ആര്യ തൊഴിലാളികൾക്ക് പറഞ്ഞുകൊടുത്തു.ഇതിനു ശേഷം അവകാശങ്ങളെപ്പറ്റി ഫീൽഡ് സന്ദർശിച്ചപ്പോൾ കിട്ടിയ തൊഴിലാളികളുടെ പ്രശ്നങ്ങളെ പറ്റി ഷിദ്യ തൊഴിലാളികളോട് സംസാരിച്ചപ്പോൾ തൊഴിലിടങ്ങളിൽ വച്ച് ഫസ്റ്റ് എയ്ഡ് ബോക്സിൽ മരുന്നുകളൊന്നും തന്നെ ഉണ്ടായിരുന്നില്ല എന്നാണ് പറഞ്ഞിരുന്നത് എന്നാൽ ഗ്രാമസഭയിൽ എത്തിയ തൊഴിലാളികൾ ഫസ്റ്റ് എയ്ഡ് ബോക്സ് ഉണ്ടെന്നും അവയിൽ

മരുന്നുകൾ കൃത്യമായി ഉണ്ടെന്നും അപ്പോൾ തന്നെ പറഞ്ഞു.ഇതിന് ശേഷം രഞ്ജിനി കെ.കെ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയുടെ റിപ്പോർട്ട് അവതരിപ്പിച്ചു. 3 പ്രവർത്തി ഫയലുകളുടെ റിപ്പോർട്ടാണ് അവതരിപ്പിച്ചത്.
WC 292315- വിഭാഗം എ നീർത്തട മാസ്റ്റർ പ്ലാൻ പ്രകാരം മണ്ണ് ജല സംരക്ഷണപ്രവൃത്തി ഘട്ടം 2
WC 293002- വിഭാഗം എ നീർത്തട മാസ്റ്റർ പ്ലാൻ പ്രകാരം മണ്ണ് ജലസംരക്ഷണപ്രവൃത്തികൾ ഘട്ടം 2
IC 212113- വിഭാഗം എ കനാൽ നവീകരണ പ്രവൃത്തി.

ഈ റിപ്പോർട്ട് അവതരണത്തിന് ശേഷം തൊഴിലാളികളുടെ ചർച്ചയ്ക്കും അതിനുള്ള മറുപടിയ്ക്കുമുള്ള അവസരമായിരുന്നു.
മാറ്റ് അനിത, മാറ്റ് ഗീത എന്നിവർ ചർച്ചയുടെ സമയത്ത് ഫസ്റ്റ് എയ്ഡ് ബോക്സിൽ പഞ്ഞി, ഡെറ്റോൾ തുടങ്ങി എല്ലാ മരുന്നുകളും ഉണ്ടെന്ന് വീണ്ടും പറഞ്ഞു. തൊഴിലാളികളുടെ എല്ലാവരുടെയും തന്നെ ആവശ്യം എന്നത് പ്രവൃത്തിയുടെ സമയക്രമം 9 മണി മുതൽ നാല് മണി വരെ ആക്കണം എന്നതായിരുന്നു.
മാറ്റ് ഗീത ഈ പ്രവർത്തിയുടെ വേതനം കൂട്ടണമെന്നും അഭിപ്രായപ്പെട്ടു.
ഷെറീന എന്ന ഭൂവുടമയ്ക്ക് പറമ്പിന്റെ മറ്റൊരു ഭാഗത്ത് നിർമ്മാണ പ്രവർത്തികൾ ചെയ്തു തരണമെന്ന് അറിയിച്ചു.
വത്സല എന്ന തൊഴിലാളി ഇടവഴികൾ വൃത്തിയാക്കാനും, തെങ്ങു തുറക്കാനും സാധിക്കുമോ എന്ന് ചോദിച്ചു. എന്നാൽ ഇവ രണ്ടും സാധ്യമല്ലെന്നും ഇടവഴികളിൽ മണ്ണിട്ട് നിർമാണ പ്രവർത്തികൾ നടത്താമെന്നും ചർച്ചയിൽ പറഞ്ഞു. കൃഷി ചെയ്യാനുള്ള തരിശുഭൂമി കൃഷിക്ക് അനുയോജ്യം ആക്കി നൽകാമെന്നും, 260 ഓളം പ്രവർത്തികൾ ഏറ്റെടുത്ത് ചെയ്യാവുന്നതായ് ഉണ്ടെന്നും ഇവ അയൽക്കൂട്ട തലത്തിൽ ചേർന്ന് പ്രവർത്തികൾ കണ്ടെത്താനും തൊഴിലാളികൾക്ക് ഡി ആർ പി പറഞ്ഞുകൊടുത്തു.
10 അവകാശങ്ങളിൽ ടോയ്ലറ്റ് സൗകര്യം ഉണ്ടെന്ന് പറഞ്ഞിരുന്നു. എന്നാൽ ടോയ്ലറ്റ് സൗകര്യം ഈ നിയമപ്രകാരം നിലവിൽ ഇല്ല എന്നും തൊഴിലാളികളിൽ ഇതിൽ അസൗകര്യം നേരിടുന്നുമെന്നും അറിയാൻ കഴിഞ്ഞു. തൊഴിലാളികളുടെ അഭിപ്രായത്തിൽ മാറ്റ്മാരാണ് തൊഴിലിനുള്ള അപേക്ഷ നൽകുന്നത് എന്നാൽ 15 ദിവസത്തിനുള്ളിൽ എല്ലാവർക്കും തന്നെ തൊഴിൽ ലഭിക്കുന്നുണ്ട്.
കൃഷ്ണൻ എന്ന വ്യക്തിക്ക് തൊഴിൽകാർഡ് ഉണ്ടെങ്കിലും അദ്ദേഹം തൊഴിലുറപ്പ് പദ്ധതിയിൽ പ്രവർത്തികൾ ഒന്നും തന്നെ ചെയ്യുന്നില്ല.എന്നാലും തൊഴിൽകാർഡ് ഉടമ എന്നനിലയിൽ അദ്ദേഹവും ഈയൊരു ഗ്രാമസഭയിൽ പങ്കെടുത്തിരുന്നു. തൊഴിലാളികളിൽ ദേവി എന്ന തൊഴിലാളിക്ക് 2 വർഷം മുൻപ് പ്രവർത്തി സ്ഥലത്ത് വെച്ച് കടന്നൽ കുത്തിയിട്ട് പഞ്ചായത്തിൽ നിന്നും യാതൊരുവിധ ധനസഹായം ലഭിച്ചില്ല എന്ന് ഫീൽഡ് പരിശോധിച്ചപ്പോൾ വിവരം ലഭിച്ചിരുന്നു. ആ തൊഴിലാളി ഗ്രാമസഭയിൽ വന്നപ്പോഴും ഒരു പരാതി എന്ന നിലയിൽ ഇത് ആവർത്തിച്ചു. ഈ പ്രവൃത്തിയുടെ മാറ്റ് അസുഖം കാരണം ഹോസ്പിറ്റലിൽ ആയതിനാൽ മാറ്റിന് ഗ്രാമസഭയിൽ എത്തിച്ചേരാൻകഴിഞ്ഞില്ല.ആയതിനാൽ അത് പരിശോധിക്കാമെന്നും നിഗമനത്തിലെത്തി.
ചർച്ചയ്ക്കിടയിൽ ഡി ആർ പി ചിമ്ന തൊഴിലാളികളോട് പ്രവർത്തി സ്ഥലത്ത് വെച്ച് പറ്റുന്ന അപകടങ്ങൾക്ക് ആ സമയത്ത് തന്നെ സൈറ്റ് ഡയറിയിൽ രേഖപ്പെടുത്താനും തുടർന്ന് ഹോസ്പിറ്റൽ ബില്ല് പഞ്ചായത്തിൽ നൽകാനും തൊഴിലാളികളോട് പറഞ്ഞു. തൊഴിലാളി രജനി 260 ഓളം പ്രവർത്തികൾ നൽകാമോ എന്ന് ചോദിച്ചു. സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയുടെ സമയപരിമിതിമൂലം 260 ഓളം പ്രവർത്തികളുടെ വിശദാംശങ്ങൾ അടുത്ത അയൽക്കൂട്ട തലത്തിൽ എത്തിക്കാമെന്നും എ.ഇ രജിഷ അറിയിച്ചു. തുടർന്ന് എ.ഇ യുടെ അഭിപ്രായത്തിൽ ആദ്യമായാണ് ഇതുപോലൊരു സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ നടക്കുന്നതെന്നും, ഇനിയുള്ള പ്രവൃത്തികളിൽ ഓരോ ഭൂവുടമകളുടെ വീട്ടിലും എന്തൊക്കെ പ്രവൃത്തികൾ ആണോ ചെയ്യാനുള്ളത് അവ പൂർത്തീകരിച്ച ശേഷം മാത്രമേ അടുത്ത ഭൂവുടമകളുടെ പ്രവൃത്തികൾ ചെയ്യാൻ പാടുള്ളു എന്നും അറിയിച്ചു. അല്ലാത്ത പക്ഷം ഓരോ വർഷങ്ങളിലും ഭൂവുടമകളുടെ ആവർത്തനം വരുന്നതിനാലാണ് എ.ഇ ഇങ്ങനെ ഒരു അഭിപ്രായം പറഞ്ഞത്.ഈ ആവർത്തനം ഒഴിവാക്കാനായി ഇനി മൂന്ന് വർഷത്തിലൊരിക്കൽ മാത്രമേ ഒരു ഭൂവുടമയുടെ വീട്ടിൽ പ്രവൃത്തി നടത്തുള്ളു എന്ന് നിഗമനത്തിലെത്തി. ഇതിനു ശേഷം
തൊഴിലാളികളുടെ എല്ലാം സമ്മതത്തോടുകൂടി സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ അവതരിപ്പിച്ച

സോഷ്യൽ ഓഡിറ്റ് കരട് റിപ്പോർട്ടിനു  അനുമതി എന്നരീതിയിൽ അധ്യക്ഷ ദേവിയുടെ നേതൃത്വത്തിൽ എല്ലാവരും കയ്യടിച്ചു പാസ്സാക്കി.94 പേർ പങ്കെടുത്ത ഈ യോഗം  മാറ്റ് അനിത  നന്ദി പറഞ്ഞ ശേഷം 5.30ന് അവസാനിച്ചു.

തീരുമാനങ്ങൾ

* തൊഴിലുറപ്പിലൂടെ ആസ്തി നിർമിതമായ പ്രവർത്തികൾ ചെയ്യുക.
* ഒരു ഭൂവുടമയ്ക്ക് എന്തൊക്കെ പ്രവർത്തികൾ ചെയ്യാനുണ്ടോ അതെല്ലാം ചെയ്ത് കഴിഞ്ഞതിനു ശേഷം അടുത്ത ഭൂവുടമയുടെ പ്രവർത്തികൾ ചെയ്യുക.
* തൊഴിലുറപ്പിലൂടെ കുളം. കിണർ തുടങ്ങി ആസ്തി നിർമിതമായ പ്രവർത്തികൾ ചെയ്യുക.